കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ ) വകുപ്പ്

വിജ്ഞാപനം

ജി. ഒ(എം.എസ്) നമ്പർ. 133/2010/തൊഴിൽ    തിരുവനന്തപുരം, 2010 നവംബർ 6

എസ്.ആർ.ഒ.നമ്പർ.1016/2010.- 1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിച്ചേർത്ത് വായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ടും 2003 ഏപ്രിൽ 3-ാം തീയതി യിലെ 574-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 311/2003 ആയി പ്രസിദ്ധീകരിച്ച 2003 മാർച്ച് 31-ാം തീയതിയിലെ ജി.ഒ(ആർ.റ്റി) നമ്പർ. 924/2003/തൊഴിൽ എന്ന വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം 2010 ഫെബ്രുവരി 4-ാം തീയതിയിലെ 268-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2010 ജനുവരി 29-ാം തീയതിയിലെ 32877/ഇ1/2008/തൊഴിൽ നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, മിനിമം വേജസ് ആക്ടിലെ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ച ശേഷം കേരള സംസ്ഥാനത്തെ മെഡിക്കൽ ഷോപ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിക്കുന്ന പ്രകാരം, കേരള സർക്കാർ ഇതിനാൽ പുതുക്കി നിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

പട്ടിക

**1.അടിസ്ഥാന ശമ്പള സ്കെയിൽ-**

| ക്രമ നം. | തസ്തിക/ജോലി | അടിസ്ഥാന വേതനം |
|---|---|---|
| (1) | (2) | (3) |
| 1. | മാനേജർ | 6600-160-7400-185-8325 |
| 2. | ഫാർമസിസ്റ്റ് (അലോപ്പതി) | 6050-110-6600-135-7275 |
| 3. | ആയുർവ്വേദ ഫാർമസിസ്റ്റ്<br>ഹോമിയോ ഫാർമസിസ്റ്റ് | 5280-105-5805 - 130-6455 |

| | | |
|---|---|---|
| 4. | അക്കൗണ്ടന്റ് | 5760-110-6310-135-6985 |
| 5. | ക്ലാർക്ക്/കാഷ്യർ/കമ്പ്യൂട്ടർ ഓപ്പറേറ്റർ/ കമ്പ്യൂട്ടർ പ്രോഗ്രാമർ/സ്റ്റോർകീപ്പർ | 5280-95-5755-115-6330 |
| 6. | സെയിൽസ് അസിസ്റ്റന്റ് (അലോപ്പതി) (ഡിസ്ട്രിബ്യൂട്ടർ ഷോപ്പുകൾ, റീട്ടെയിൽ/ ഹോൾസെയിൽ ഷോപ്പുകൾ) | 4745-85-5170-110-5720 |
| 7. | സെയിൽസ് അസിസ്റ്റന്റ് (ഹോമിയോ/ ആയുർവ്വേദ മെഡിക്കൽ ഷോപ്പുകൾ, ഹോൾസെയിൽ ഡിസ്ട്രിബ്യൂട്ടേഴ്സ് ഷോപ്പുകൾ) | 4350-80-4750 -105-5275 |
| 8. | ജനറൽ വർക്കർ/അറ്റന്റർ/ പാക്കർ (ഹോൾസെയിൽ/ ഡിസ്ട്രിബ്യൂട്ടേഴ്സ് ഷോപ്പുകൾ) | 4472-80-4872-100-5372 |
| 9. | കോംപിറ്റന്റ് പേഴ്സൺ (ഹോൾസെയിൽ/ ഡിസ്ട്രിബ്യൂട്ടേഴ്സ് ഷോപ്പ്) | 5280-95-5755-115-6330 |
| 10. | സെയിൽസ് റെപ്രസെന്റേറ്റീവ് (അലോപ്പതി ഹോൾസെയിൽ/ ഡിസ്ട്രിബ്യൂട്ടേഴ്സ് ഷോപ്പ്) | 4745-85-5170-110-5720 |
| 11. | സെയിൽസ് റെപ്രസെന്റേറ്റീവ് (ഹോമിയോ/ ആയുർവ്വേദ മെഡിക്കൽ ഷോപ്പുകൾ/ ഹോൾസെയിൽ ഡിസ്ട്രിബ്യൂട്ടേഴ്സ് ഷോപ്പുകൾ) | 4350-80-4750 -105-5275 |

**കുറിപ്പ്:-** സെയിൽസ് റെപ്രസെന്റേറ്റീവ്, (അലോപ്പതി, ഹോമിയോ, ആയുർവ്വേദം) മെഡിസിൻ ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലുള്ളവർ പ്രതിമാസം 5 ലക്ഷം രൂപയിൽ കുറയാത്ത പ്രാവർത്തിക ഓർഡറുകളും സർജിക്കൽ ഉപകരണങ്ങളുടേയും മറ്റും ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിൽപ്പെടുന്നവർ പ്രതിമാസം മൂന്ന് ലക്ഷം രൂപയിൽ കുറയാത്ത പ്രാവർത്തിക ഓർഡറുകളും ക്യാൻവാസ് ചെയ്തെങ്കിൽ മാത്രമേ ആ മാസത്തെ നിശ്ചിത മിനിമം വേതനം ലഭിക്കാനർഹത ഉണ്ടാവുകയുള്ളൂ. നിശ്ചിത ഓർഡറുകൾ ക്യാൻവാസ് ചെയ്യില്ലെങ്കിൽ ക്യാൻവാസ് ചെയ്ത ഓർഡറുകൾക്ക് ആനുപാതികമായി ഭാഗികമായ വേതനത്തിനു മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ, ഏതെങ്കിലും മാസം അധികം തുകയ്ക്കുള്ള ഓർഡറുകൾ ക്യാൻവാസ് ചെയ്യിട്ടുണ്ടെങ്കിൽ മേൽ നിശ്ചയിച്ച തുകയിൽ കൂടുതൽ ഉള്ളത് ആയതിന് കമ്മീഷൻ ഒന്നും പ്രത്യേകം നല്കിയിട്ടില്ലയെങ്കിൽ വരും മാസങ്ങളിലേക്ക് കണക്കാക്കേണ്ടതാണ്.

**3. ക്ഷാമബത്ത:-** അടിസ്ഥാന ശംബളത്തിനു പുറമെ എല്ലാ ജീവനക്കാർക്കും സംസ്ഥാന ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന പുതിയ ഉപഭോക്തൃ വില സൂചികയിലെ അതാതു ജില്ലാ കേന്ദ്രത്തിലെ ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിലസൂചികയുടെ, 130 പോയിന്റിനു മുകളിൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിമാസം 24 രൂപ 90 പൈസ (ഇരുപത്തിനാലു രൂപ തൊണ്ണൂറു പൈസ) നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

ഇടുക്കി, വയനാട് എന്നീ കേന്ദ്രങ്ങൾക്കു വേണ്ടി ഉപഭോക്തൃ വില സൂചിക പ്രസിദ്ധീകരിക്കുന്നില്ല എന്നതിനാൽ മൂന്നാർ കേന്ദ്രത്തിനുവേണ്ടി പ്രസിദ്ധീകരിക്കുന്ന സൂചികയുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലും മേപ്പാടി കേന്ദ്രത്തിനുവേണ്ടി പ്രസിദ്ധീകരിക്കുന്ന സൂചികയുടെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലും ക്ഷാമബത്ത നൽകേണ്ടതാണ്.

**4. സർവ്വീസ് വെയിറ്റേജ്:-** ഒരു സ്ഥാപനത്തിൽ അല്ലെങ്കിൽ ഒരു തൊഴിലുടമയുടെ കീഴിൽ തുടർച്ചയായി അഞ്ചു വർഷത്തിൽ കുറയാതെ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവർ പൂർത്തിയാക്കിയ ഓരോ അഞ്ചു വർഷത്തെ സർവ്വീസിനും, അഞ്ചു വർഷം സർവ്വീസ് പൂർത്തിയാക്കിയിട്ടില്ലാത്തവരുടെ കാര്യത്തിൽ അവർ സർവ്വീസ് പൂർത്തിയാക്കുന്ന മുറയ്ക്ക് ഓരോ അഞ്ചു വർഷത്തെ സർവ്വീസിനും, അർഹതപ്പെട്ട ശമ്പളത്തിന്റെ തൊട്ടടുത്ത സ്റ്റേജിലെ ഓരോ ഇൻക്രിമെന്റ് വീതം അടിസ്ഥാന ശമ്പളത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

**5.ദിവസവേതനം:-** ഓരോ തസ്തികയിലേക്കും നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, ഇൻക്രിമെന്റ്, അർഹതപ്പെട്ട സർവ്വീസ് വെയിറ്റേജ് എന്നിവയുടെ ആകെ തുകയെ ഒരു മാസത്തെ പ്രവൃത്തി ദിവസങ്ങളുടെ എണ്ണമായ 26 കൊണ്ട് ഭാഗിച്ച് ജീവനക്കാരന്റെ ദിവസ വേതനം കണക്കാക്കേണ്ടതാണ്.

**6.ഉയർന്ന വേതനം:-** ഈ മേഖലയിൽ ഏതെങ്കിലും തൊഴിലാളികൾക്ക് ഈ വിജ്ഞാപന പ്രകാരമുള്ള വേതനത്തേക്കാൾ ഉയർന്ന വേതനം നിലവിൽ ലഭിക്കുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ഉയർന്ന വേതനം തുടർന്നും നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ.ബി.വത്സല കുമാരി,

ഗവൺമെന്റ് സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

കേരള സംസ്ഥാനത്തെ മെഡിക്കൽ ഷോപ്പുകളിൽ ജോലി ചെയ്യുന്ന ഫാർമസിസ്റ്റുകളുടെ കുറഞ്ഞകൂലി നിരക്കുകൾ 2003 മാർച്ച് 31-ാം തീയതിയിലെ ജി.ഒ(ആർ.ടി.)924/2003/തൊഴിൽ എന്ന നമ്പർ വിജ്ഞാപന പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. 1948 ലെ മിനിമം വേജസ് ആക്ടിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡിക പ്രകാരം പ്രസ്തുത മേഖലയിലെ നിലവിലുള്ള കുറഞ്ഞ കൂലി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ ഇപ്പോൾ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.